"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മലപ്പുറം ജില്ല നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ധന്യ.പി യ്ക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് മേഖലയിൽ വടകര ഫിഷറീസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.36/2022/മ.തു.വ  തീയതി,തിരുവനന്തപുരം, 20/01/2022

---

പരാമർശം:-

1. സ.ഉ.(പി)നം.45/2013/ധന. തീയതി 22-01-2013.
2. ശ്രീമതി.ധന്യ പി.യുടെ 17/06/2021 തീയതിയിലെ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 03/08/2021 ലെ PAN/8665/2021-E6(DP) നമ്പർ കത്ത്
4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 18/10/2021 തീയതിയിലെ ബി/4044/2021 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ല നിറമരുതൂർ ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ധന്യ.പി യ്ക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് മേഖലയിൽ വടകര ഫിഷറീസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള അന്യത്രസേവന വ്യവസ്ഥകൾക്കും പരാമർശം ഒന്നിലെ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവാകുന്നു.

2. അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ചു പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്രസേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sreedevi I B
അണ്ടർ സെക്രട്ടറി

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം,തൃശ്ശൂർ

പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറാഫീസ്,പബ്ലിക്ക് ആഫീസ് പി.ഒ. തിരുവനന്തപുരം

ശ്രീമതി.ധന്യ പി,ക്ലർക്ക്, നിറമരുതൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Bijimol.k.chacko
Date: 20-01-2022 16:48:12
Reason: Approved

സെക്ഷൻ ഓഫീസർ